

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 – 26

## കല്ലറ തലായി എൽ.പി. സ്കൂൾ

തലായി – തലശ്ശേരി

# അക്കാദമിക മാസ്റ്റർ പ്ലാൻ

കല്ലറ തലായി എൽ.പി

സ്കൂൾ

തലശ്ശേരി സൗത്ത്

2025 - 26

# ഉള്ളടക്കം

1.ആമുഖം

2.ലക്ഷ്യങ്ങൾ

3.വിദ്യാലയത്തിൻെറ ലഘുചരിത്രം

4.വിദ്യാലയം മികവിൻെറ കേന്ദ്രം-കാഴ്ചപ്പാട്

5.പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

6.നിലവിലെ അവസ്ഥാ വിശേഷം

7.പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

8.പദ്ധതി വിശദാംശങ്ങൾ

9.പ്രതീക്ഷിത നേട്ടങ്ങൾ

10.ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

1.വിദ്യാലയത്തിൻെറ പേര് :കല്ലറ തലായി എൽ.പി സ്കൂൾ

2.വിലാസം: (പോ)ടെമ്പിൾ ഗേറ്റ്,

തലായി,

തലശ്ശേരി, 670102

3.ഫോൺ നമ്പർ: 0490-2325970

4.സ്കൂൾ കോഡ്: 14210

5.വിദ്യാഭ്യാസ ഉപജില്ല: തലശ്ശേരി സൗത്ത്

6.വിദ്യാഭ്യാസ ജില്ല : തലശ്ശേരി

7.റവന്യൂ ജില്ല: കണ്ണൂർ

8.ബി.ആർ.സി : തലശ്ശേരി സൗത്ത്

9.സി.ആർ.സി: ജി.യു.പി.എസ് പുന്നോൽ

10.നിയമ സഭാ മണ്ഡലം: തലശ്ശേരി

11.താലൂക്ക്: തലശ്ശേരി

12.സ്കൂൾ ഇ.മെയിൽ :kallarathalyischool@gmail.com

# ആമുഖം

1871 ൽ സ്ഥാപിതമായ ഈ സ്ക്കൂളിൽ ആദ്യകാലത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം കെട്ടിടങ്ങളിലായിരുന്നു പഠനം. ക്രമേണ പെൺകുട്ടികളുടെ വിദ്യാലയം നിലം പതിക്കുകയും ആൺകുട്ടികളുടെ വിദ്യാലയം മാത്രംനിലനിൽക്കുകയും,പിന്നീട് ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ച് പഠിക്കുകയും ചെയ്തുവരുന്നു.

2025–26 അധ്യയന വർഷത്തിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്.

# വിദ്യാലയ ചരിത്രം

1871 ൽ സ്ഥാപിതമായ ഈ സ്ക്കൂളിൽ ആദ്യകാലത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം കെട്ടിടങ്ങളിൽ ആയിട്ടായിരുന്നു പഠനം. ക്രമേണ പെൺകുട്ടികളുടെ വിദ്യാലയം നിലം പതിക്കുകയും ആൺകുട്ടികളുടെ വിദ്യാലയം മാത്രം നിലനിൽക്കുകയും, പിന്നീട് ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ച് പഠിക്കുകയും ചെയ്തുവരുന്നു.

വാസുമാസ്റ്ററുടെ ഉടമസ്ഥതയിലായിരുന്നു ആദ്യകാലത്ത് ഈ സ്ക്കൂൾ ഉണ്ടായിരുന്നത്. അതിനുശേഷം ഭാര്യ ജാനകിയും,ജാനകിയിൽ നിന്നും മകൻ ആനന്ദചന്ദ്രനും ഈ സ്ക്കൂളിൻെറ മാനേജർമാരായി.മാഹിക്കും തലശ്ശേരിക്കും ഇടയിൽ തലായി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ക്കൂളിൻെറ മുന്നിലൂടെ എൻ.എച്ച് 17 കടന്നുപോകുന്നു.റോഡിൻെറ വളരെ അടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ രക്ഷിതാക്കൾ ഇവിടിത്തേക്ക് കുട്ടികളെ അയക്കാൻ ഭയപ്പെടുന്നു.അധ്യാപകർ വളരെ ശ്രദ്ധയോടെ റോഡ് കടത്തി കൊടുക്കുന്നതിനാൽ അപകടങ്ങൾ വളരെ കുറവാണ്.

ഇവിടെ പഠിക്കുന്ന കുട്ടികളിൽ ഭൂരിഭാഗവും കടലോര മേഖലയിൽ ഉള്ളവരാണ്.

മുൻപ് വളരെ അധികം കുട്ടികൾ പഠിച്ചിരുന്ന ഈ സ്ക്കൂളിൽ, അൺ എയ്ഡഡ് വിദ്യാലങ്ങളും മറ്റു വിദ്യാലങ്ങളും അടുത്ത് തന്നെ ഉള്ളതിനാൽ കുട്ടികൾ കുറഞ്ഞുവരുന്ന സാഹചര്യമാണുള്ളത്.എങ്കിലും വളരെ ആത്മാർത്ഥതയോടെയാണ്അധ്യാപകർ പഠിപ്പിക്കുന്നത്.

പ്രശസ്തരായ പലരും ഇവിടെ പഠിച്ചവരിൽ ഉണ്ട്.എടുത്ത് പറയാൻ, ഇപ്പോൾ വിശ്രമ ജീവിതം നയിക്കുന്ന ജഡ്ജി ശ്രീ.രാമകൃഷ്ണൻ,അദ്ദേഹത്തിൻെറ അമ്മാവൻ ശ്രീ.ദാമോദരൻ വക്കീൽ,മടപ്പള്ളി കോളേജിൽ നിന്നും വിരമിച്ച പ്രഫസർ ശ്രീ.കരുണൻ, പരേതരായഡോ.സമീന്ദ്രൻ,സംഗീത സംവിധായകൻ ശ്രീ.രാഘവൻമാസ്റ്റർ,ശ്രീ.സി.എച്ച്.കണാരൻ തുടങ്ങിയവർ ഇവിടെ പഠിച്ചവരാണ്.

കൂടാതെ ഉന്നതരായ പല അധ്യാപകരും ഇവിടെ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.സി.പി.ഐ.എം സംസ്ഥാന സെക്രട്ടറി ശ്രീ.കോടിയേരി ബാലകൃഷ്ണൻെറ പിതാവ് ഇവിടുത്തെ അധ്യാപകനായിരുന്നു.

# ലക്ഷ്യങ്ങൾ

1.മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തി പിടിച്ച് തികച്ചും സൗജന്യമായ വിദ്യാഭ്യാസം ഉറപ്പാക്കുക.

2.അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ സ്ക്കൂൾ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

3.എൽ.കെ.ജി മുതൽ നാലാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അട്സ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്കനുസരിച്ച് നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവറത്തനങ്ങൾ നടപ്പിലാക്കുക.

4.അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

# വിദ്യാലയം മികവിൻെറ കേന്ദ്രം-കാഴ്ച്ചപ്പാട്

1.പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.

2.ശുചിത്വം,ദീനാനുകമ്പ തിടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

3.പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ.

4.മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

5.പരിസ്ഥിത്തിയെ കാത്തു സൂക്ഷിക്കാനും സുസ്ഥിര വികസന കാഴച്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

# പദ്ധതി രൂപികരണ പ്രക്രിയ-

# വിവിധ ഘട്ടം

1.എസ്.ആർ.ജി യോഗത്തിൽ അവതരിപ്പിക്കലും ചർച്ചയും.

2.വികസന ആവശ്യങ്ങൾ ക്ലാസ്സ് തലത്തിൽ ഭൗതികം -അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3.കരട് രൂപരേഖ എസ്.ആർ.ജി, പി.ടി.എ മീറ്റിങ്ങുകളിൽ അവതരിപ്പിക്കൽ-ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടി ചേർക്കൽ.

4.പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

## അക്കാദമികം

എൽ.എസ്.എസ്,എജ്യുകേമ്പ് തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്. സ്കോളർഷിപ്പ് പരീക്ഷയിൽ ഇവിടുത്തെ കുട്ടികൾ മികച്ച വിജയം കൈവരിച്ചിട്ടുണ്ട്.കലാകായിക പ്രവൃത്തി പരിചയ മേളകളിൽ നല്ല വിജയം നേടിയിട്ടുണ്ട്.പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണ പിന്തുണ ഇവിടുത്തെ എല്ലാ കുട്ടികൾക്കും ലഭിക്കുന്നുണ്ട്.

## ഐ.ടി പഠനം

പാഠപുസ്തകത്തിലെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി ഐ.ടി പഠനം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

## സ്ക്കൂൾ സുരക്ഷ

പാഠഭാഗവുമായി ബന്ധപ്പെടുത്തി, കുട്ടികൾക്ക് സ്ക്കൂൾ സുരക്ഷയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചിട്ടുണ്ട്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാ ശേഷി വികസനം<br>ഗണിതശേഷി വികസനം<br>ഇംഗ്ലീഷ് പരിപോഷണം<br>വായനാ പരിപോഷണം<br>ലൈബ്രറി വികസനം<br>നാടകക്കളരി<br>ജൈവ വൈവിധ്യ പാർക്ക്<br>കലാ കായിക ഐ.ടി<br>പരിശീലനം<br>ക്ലാസ്സ് പി.ടി.ഐ<br>സജീവമാക്കൽ<br>സ്ക്കൂൾ പത്രം/മാസിക<br>പ്രവൃത്തി പരിചയ പഠനം<br>പച്ചക്കറി തോട്ടം<br>ശിൽപ്പശാലകൾ<br>അഭിമുഖങ്ങൾ<br>മെഡിക്കൽ ക്യാമ്പ്<br>പോഷകാഹാര പരിപാടി<br>പാവ നാടക<br>പരിശീലനം/ശിൽപ്പശാല<br>എസ്.ആർ.ജി<br>ശാക്തീകരണം<br>ഒറിഗാമി ശിൽപ്പ ശാല<br>ഗണിത ലാബ്<br>ഭാഷാ ലാബ് | ചുറ്റുമതിൽ<br>പൂർത്തീകരണം,ഗേറ്റ്,<br>നെയിം ബോർഡ്<br>കളിസ്ഥലം<br>പാർക്ക്<br>ക്ലാസ്സ് മുറികൾ<br>ഓഫീസ് മുറികൾ<br>കമ്പ്യൂട്ടർ മുറി<br>ലൈബ്രറി<br>അടുക്കള<br>ഭക്ഷണ മുറി<br>കുടിവെള്ള വിതരണ<br>പൈപ്പ്<br>മാലിന്യ സംസ്ക്കരണം<br>ടോയിലറ്റ്<br>ലാബുകൾ<br>ചിത്ര രചന<br>കൃഷിത്തോട്ടം<br>ഭാഷോത്സവം<br>ശാസ്ത്രോത്സവം<br>ഗണിതോത്സവം | പി.ടി.എ<br>ശക്തിപ്പെടുത്ത<br>ൽ<br>വിദ്യാലയ<br>വികസന<br>സമിതി<br>പൂർവ്വ<br>വിദ്യാർത്ഥി<br>സംഘടനകൾ<br>എസ്.എം.സി<br>കാര്യക്ഷമമാക്ക<br>ൽ<br>ക്ലാസ്സ് പി.ടി.എ<br>മാതൃകാപരമാ<br>ക്കുന്നതിനുള്ള<br>നടപടികൾ<br>അവധി<br>ദിവസങ്ങളിൽ<br>കമ്പ്യൂട്ടർ<br>പരിശീലനം<br>വിദ്യാലയ<br>മികവുകൾ<br>സമൂഹവുമായി<br>പങ്കിടൽ<br>വിദ്യാലയ |

| | | |
|---|---|---|
| ശാസ്ത്ര ലാബ്<br>ടേം<br>മൂല്യനിർണ്ണയം,നിരന്തര<br>വിലയിരുത്തൽ<br>ദിനാചരണങ്ങൾ | | വിഭവങ്ങൾ<br>സമൂഹത്തിനു<br>കൂടി<br>പ്രയോജനപ്പെട<br>ുത്തൽ<br>വഴിയോര<br>പി.ടി.എ<br>ഭവന<br>സന്ദർശനം |

# പദ്ധതി വിശദാംശങ്ങൾ

## പ്രവർത്തനം-1

## പ്രവർത്തനത്തിൻെറ പേര്: ഭാഷാശേഷി കൈവരിക്കൽ

| പഠന പ്രശ്നം | ലക്ഷ്യം | ടാർജെൻറ് ഗ്രൂപ്പ് | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| ഭാഷാ ശേഷി കൈവരിക്കാൻ എല്ലാ കുട്ടികൾക്കും സാധിച്ചിട്ടില്ല.<br>പാഠ്യരംഗത്ത് സംയുക്തഡയറി സർഗാത്മകഡയറി റീഡേഴ്സ് - തീയറ്റർ. | എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തൽ ആശയ വിനിമയ ശേഷി കൈവരിക്കൽ സാഹിത്യ അഭിരുചി വളർത്തൽ വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് | ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകൾ | പ്രീടെസ്റ്റ് പത്ര വായന ചിത്രങ്ങളിലൂടെ അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങളും അടയാളങ്ങളും ഉറപ്പിക്കൽ അക്ഷര കാർഡ്,വായന കാർഡ് നിർമ്മാണം കഥ പൂർത്തീകരിക്കൽ,എഴുതൽ അടിക്കുറിപ്പ് -നിർമ്മാണം, എഴുതൽ വായനാക്കുറിപ്പ് തയ്യാറാക്കൽ ലൈബ്രറി | 2 വർഷം | വിദ്യാരംഗം കലാസാഹിത്യവേദി ബാലസഭ എസ്.ആർ.ജി പി.ടി.എ | 50,000 /- രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | മാറ്റൽ<br>സർഗാത്മക<br>രചനകളിൽ<br>ഏർപ്പെടാൻ<br>അവസരം<br>ഒരുക്കൽ,വായ<br>നാ<br>സാമഗ്രികളുടെ<br>നിർമ്മാണം | | വിതരണം<br>കഥ,കവിതാ<br>രചന<br>ശിൽപ്പശാല<br>സംഘടിപ്പി<br>ക്കൽ<br>കുട്ടികളുടെ<br>രചനകൾ<br>പ്രസിദ്ധീകരി<br>ക്കൽ<br>പ്രാദേശികമ<br>ായി<br>ലഭ്യമാകുന്ന<br>എഴുത്തുകാ<br>രെ<br>സ്ക്കൂളിൽ<br>എത്തിക്കൽ,<br>അവരുടെ<br>വായന,എഴു<br>ത്ത്<br>അനുഭവങ്ങ<br>ൾ<br>കുട്ടികളുമാ<br>യി<br>പങ്കുവെക്ക<br>ൽ<br>സ്ക്കൂൾ<br>ലൈബ്രറിയി<br>ലേക്ക്<br>കൂടുതൽ<br>പുസ്തകങ്ങൾ<br>ശേഖരിക്കൽ<br>പരിചയപ്പെട്ട<br>ിട്ടുള്ള<br>ബാലസാഹി<br>ത്യ<br>കഥകളുടെ | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | നാടകാവിഷ്ക്കരണം പാഠഭാഗങ്ങളെ പാവ നാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും അവയുടെ അവതരണവും വിദ്യാലത്തിൽ സ്ഥാപിച്ചിട്ടുള്ള ടി.വി യിലേക്ക് കുട്ടികളുടെ സം പ്രേഷണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുകയും സംഘടിപ്പിക്കുകയും ചെയ്യുന്നു. | | | |

# ഗണിതശേഷി കൈവരിക്കൽ

| പഠന പ്രശ്നം | ലക്ഷ്യം | ടാർജൻറ് ഗ്രൂപ്പ് | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- | --- |
| സംഖ്യാ ബോധം,ചതുഷ്ക്രിയ തുടങ്ങിയവയെപ്പറ്റിയുള്ള തിരിച്ചറിവില്ലായ്മ സമയത്തെക്കുറിച്ചുള്ള ധാരണയില്ലായ്മ ഗണിതകേളി. | ഗണിതശേഷി കൈവരിക്കൽ സംഖ്യാബോധം,ചതുഷ്ക്രിയകൾ ഇവ ഉറപ്പിക്കൽ രസകരമായ ഗണിതശാസ്ത്ര പഠനം ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ സമയ യൂണിറ്റുകൾ മനസ്സിലാക്കൽ | ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകൾ | അബാക്കസ് സംഖ്യാ കിറ്റുകൾ,കാർഡുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ യൂണിറ്റ് ടെസ്റ്റ് ഐ.ടി അധിഷ്ഠിത ഗണിത ക്ലാസ്സുകൾ ഗണിത ശിൽപ്പശാലകൾ ഗണിത കേളികൾ,പസിലുകൾ രക്ഷാകർത്താക്കൾക്കുള്ള ബോധവൽക്കരണം ഒറിഗാമിയിലൂടെഗണിത ശേഷികൾ കൈവരിക്കു | 2 വർഷം | എസ്. ആർ.ജി പി.ടി. എ എം പി.ടി. എ ക്ലാസ്സ് ടീച്ചർ | 25,000 /- രൂപ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ന്നതിനുള്ള<br>പരിശീലനം<br>നൽകൽ,വിവി<br>ധ രൂപങ്ങൾ<br>നിർമ്മിക്കൽ<br>ഗണിത<br>ലാബ്<br>സജ്ജമാക്കൽ<br>ഗണിത<br>രൂപങ്ങൾക്ക്<br>പ്രാധാന്യം<br>നൽകി<br>സ്ക്കൂൾ<br>മുറ്റത്ത്<br>പാർക്ക്<br>സജ്ജമാക്കൽ<br>വിവിധ തരം<br>ഘടികാരങ്ങ<br>ൾ നിർമ്മിച്ച്<br>സമയത്തെ<br>കുറിച്ച്<br>ബോധമുണ്ടാ<br>ക്കൽ | | | | |

# ഇംഗ്ലീഷ് പഠനം

| പഠന പ്രശ്നം | ലക്ഷ്യം | ടാർജെൻറ് ഗ്രൂപ്പ് | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള [redacted] പ്രയാസം (Description, Thought, Conversation, Add more lines) | വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടൽ ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകൾ | ഇംഗ്ലീഷ് ഫെസ്റ്റ് അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ,പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ ഇംഗ്ലീഷ് പദപ്രശ്ന നിർമ്മാണം,വിജയികളെ കണ്ടെത്തൽ പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠ ഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി അവതരിപ്പിക്കൽ ഉദാ:സ്കിറ്റ്,കോൺവർസേഷൻ,ഡ്രാമ...... മലയാള കഥകളെ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തൽ | പ്രതിമാസ പരിപാടികൾ | എസ്.ആർ.ജി പി.ടി.എ എച്ച്.എം ആൻറ് സ്റ്റാഫ് | 25,000/- രൂപ |

# ശാസ്ത്രാഭിരുചി വളർത്തൽ

| പഠന പ്രശ്നം | ലക്ഷ്യം | ടാർജെൻറ് ഗ്രൂപ്പ് | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| ശാസ്ത്ര പഠനത്തോടുള്ള താൽപ്പര്യമില്ലായ്മ | ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ ശസ്ത്ര ലാബ് രൂപപ്പെടുത്തൽ ശസ്ത്ര പഠനം രസകരമാക്കൽ | ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകൾ | ശാസ്ത്ര ക്ലാസ്സുകൾ സംഘടിപ്പിക്കൽ ശാസ്ത്ര ലാബിലെ വിവിധ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനുള്ള താൽപ്പര്യം ഉണ്ടാക്കൽ മെഡിക്കൽ ക്യാമ്പുകൾ ശാസ്ത്ര പ്രദർശനങ്ങൾ പഠനയാത്രകൾ സ്ക്കൂൾ തല ശാസ്ത്ര മേളയിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കൽ ശാസ്ത്രമാസികകൾ വായിക്കാനുള്ള അവസരം ഒരുക്കൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ പ്രകൃതി നടത്തം | പ്രതിമാസ പരിപാടികൾ | എസ്.ആർ.ജി പി.ടി.എ എച്ച്.എം ആൻറ് സ്റ്റാഫ് | 25,000/- രൂപ |

# കലാകായിക പ്രവൃത്തി പരിചയം

| പഠന പ്രശ്നം | ലക്ഷ്യം | ടാർജെൻറ് ഗ്രൂപ്പ് | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| ചിത്രം വരക്കാനുള്ള കഴിവില്ലായ്മ | ചിത്ര രചനയിൽ പ്രാവീണ്യം നേടൽ പ്രവൃത്തി പരിചയത്തിൽ കഴിവ് നേടൽ | ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകൾ | ചിത്ര രചന പരിശീലനം ചിത്രകാരന്മാരുമായി അഭിമുഖം,ചർച്ച ചിത്ര രചന ക്യാമ്പുകൾ പ്രവൃത്തി പരിചയ ശിൽപ്പശാലകൾ,പ്രദർശനം | 2 വർഷം | എസ്.ആർ.ജി പി.ടി.എ എച്ച്.എം ആൻറ് സ്റ്റാഫ് | 25,000/- രൂപ |
| ആരോഗ്യക്കുറവ് | ആരോഗ്യമുള്ള ശരീരവും മനസ്സും പ്രധാനം ചെയ്യൽ ആരോഗ്യ കായികക്ഷമത വർദ്ധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | | യോഗാപരിശീലനം കായിക പരിശീലനം | | | |